കേരള സർക്കാർ

സംഗ്രഹം

**പൊതുവിദ്യാഭ്യാസം—എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് മുൻപ് സ്കൂളിൽ നിന്ന് വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി സി. ബി. എസ്. ഇ./ ഐ. സി. എസ്. ഇ. ഉൾപ്പെടെ മറ്റ് സിലബസ്സുകളിൽ 10-ാം ക്ലാസ് പാസ്സായവരുടെ ജനനതീയതി വ്യതിയാനം വരുത്തുന്നതു സംബന്ധിച്ച് എ. ഇ. ഒ./ഡി. ഇ. ഒ. മാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.**

---

## പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

ജി. ഒ. (എം.എസ്.) നമ്പർ 226/10/പൊ.വി. *തിരുവനന്തപുരം, തീയതി 2010 നവംബർ 8.*

---

പരാമർശം:—1. 6-11-2009-ലെ ജി. ഒ. (പി) നമ്പർ 215/09/പൊ.വി. നമ്പർ ഉത്തരവ്.

2. പരീക്ഷാകമ്മീഷണറുടെ 10-8-2010-ലെ ബി2/39736/10/ സി.ജി.ഇ. നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 1-ലെ ഉത്തരവ് പ്രകാരം I മുതൽ X വരെ ക്ളാസ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടേയും എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് സ്കൂൾ വിട്ടുപോകുന്ന കുട്ടികളുടേയും പേര്, മതം, ജനനതീയതി എന്നിവയിൽ വ്യതിയാനം വരുത്തുവാനുള്ള അധികാരം എ.ഇ.ഒ./ഡി.ഇ.ഒ. മാർക്ക് നൽകി ഉത്തരവായിരുന്നു. എസ്. എസ്. എൽ. സി. ക്ക് പേര് രജിസ്റ്റർ ചെയ്തവരുടെ പേര്, മതം, ജനനതീയതി എന്നിവ വ്യതിയാനം വരുത്തുവാനുള്ള അധികാരം പരീക്ഷാകമ്മീഷണറുടെ സെക്രട്ടറിയിലും നിക്ഷിപ്തമാണ്.

2. എന്നാൽ സെൻട്രൽ സിലബസ്സിൽ (സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ.) പ്രവേശനം ലഭിക്കുന്നതിന് മുൻപ് കേരള സിലബസ്സിൽ പഠിച്ചിരുന്നവരുടെ ജനനതീയതിയിൽ വ്യതിയാനം വരുത്തുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയില്ല.

3. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുൻപ് സ്കൂൾ വിട്ടുപോവുകയും മറ്റ് സിലബസ്സുകളിൽ (സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ,) 10-ാം ക്ലാസ് പരീക്ഷ പാസ്സാവുകയും ചെയ്യുന്ന കുട്ടികളുടെ ജനനതീയതി, മുൻപ് പഠിച്ചിരുന്ന സ്കൂൾ റിക്കാർഡുകളിൽ വ്യതിയാനം വരുത്തുന്നതിനുള്ള അധികാരം അതത് ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. വനജ,**

*അഡീഷണൽ സെക്രട്ടറി.*

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പരീക്ഷാകമ്മീഷണർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും<br>
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും<br>
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും<br>
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം

സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.

ഡയറക്ടർ, IT@school (വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വ്യാപക പ്രചരണത്തിന്).

ഓഫീസ് കോപ്പി/കരുതൽ കോപ്പി